MR. KALATHIL VELAYUDHAN NAIR: വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളമുള്ള നിയന്ത്രണത്തിന് വ്യവസായങ്ങളെപ്പറ്റി നല്ല അറിവുള്ള ഒരാൾ ഉണ്ടായിരിക്കുകയല്ലേ ഭേദം?

HON'BLE MR. T. K. NARAYANA PILLAI : അതിനാണ് ഇൻഡസ്ട്രീയൽ ലയിസൺ ആഫീസറെ വച്ചിരിക്കുന്നത്.

MR. KALATHIL VELAYUDHAN NAIR : അദ്ദേഹം എല്ലാ കമ്പനികളിലും ഗവണ്മെൻറിന്റെ പ്രതിനിധിയാണോ?

HON'BLE MR. T. K. NARAYANA PILLAI : എല്ലാത്തിലും അല്ലെങ്കിലും ഇപ്പോൾ ഇവിടെ പറഞ്ഞ കമ്പനികളിൽ അദ്ദേഹം പ്രതിനിധിയാണ്.

MR. P. T. CHACKO (*Kottayam II—General*): പണം ഇല്ലെന്ന കാരണം പറഞ്ഞു ഇതിൽ ചില കമ്പനികൾ കഴിഞ്ഞ മാസത്തിൽ ജോലിക്കാർക്ക് ശമ്പളം കൊടുക്കാതിരുന്നിട്ടുള്ളതായി ഗവണ്മെൻറിനറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : ഏതു കമ്പനിയാണെന്നു പറഞ്ഞാൽ സമാധാനം പറയാം.

MR. P. T. CHACKO : എഫ്. എ. സി. റ്റി. യിലാണ്.

HON'BLE MR. T. K. NARAYANA PILLAI : ഞാൻ പറഞ്ഞ കമ്പനികളുടെ ക്ലൂട്ടത്തിൽ അതു ഉൾപ്പെടുന്നില്ല.

MR. T. T. KESAVAN SASTRI (*Kunnathnad I—Pulaya*): ഇപ്പോഴത്തെ ഇൻഡസ്ട്രീയൽ ലയിസൺ ആഫീസർ ആരാണ്?

HON'BLE MR. T. K. NARAYANA PILLAI : മി. കുമാരദാസാണ്.

MR. PAUL THALIAT (*Parur III—General*): എഫ്. എ. സി. റ്റി. യിൽ ഗവണ്മെൻറിന് ഇത്ര ശതമാനം ഷെയർ ഇല്ലെന്നാണോ പറയുന്നത്?

HON'BLE MR. T. K. NARAYANA PILLAI : എഫ്. എ. സി. റ്റി. യിൽ ഇത്ര ശതമാനം ഷെയറെ ഗവണ്മെൻറിനുള്ളൂ. ഇത്ര ശതമാനമുള്ളതിന്റെ പേരുകൾ മാത്രമാണ് ഞാൻ ഇവിടെ പറഞ്ഞത്.

ക്രന്തള്ളൂർനിന്നും പുറപ്പെടുന്ന റോഡ്.

*463. MR. P. NANOO (*Chirayinkil II—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പി. ഡബ്ലിയു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ചിറയിൻകീഴ്താലൂക്കിൽ ക്രന്തള്ളൂർ പകുതിയിൽനിന്നും കാട്ടുമുറാക്കൽവഴി കിഴക്കോട്ടുള്ള റോഡ് ഗവണ്മെൻറിൽനിന്നും പെട്ടിയുണ്ടാക്കിയിട്ട് എത്ര കൊല്ലമായി?

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആ റോഡിൽ തീക്കേണ്ട ഒരു പാലംകെട്ടി തീക്കുന്നതിന് എത്ര ചെലവു വേണ്ടിവരും?

(സി) ആ പാലം സംബന്ധിച്ചു പൊതുജനങ്ങളിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH: (എ) ഫർ കൊല്ലമായി. റോഡ് ഫ ഫ ഫ o _ൽ ആണ് പൂത്തിയായിട്ടുള്ളതു്.

(ബി) വിശദമായ എസ്റ്റിമേറു തയാറാക്കി വരുകയാണ്. ഉദ്ദേശം @ o o o o രൂപാ ചിലവു വരും.

(സി) ലഭിച്ചിട്ടുണ്ട്.

MR. P. NANOO: പാലം ഇല്ലാത്തതുകൊണ്ട് ആ റോഡു ഉപയോഗശൂന്യമാണെന്നറിയാമോ?

HON'BLE MR. K. R. ELANKATH: ഗതാഗതത്തിനു തടസ്സമുണ്ടെന്നറിയാം.

MR. P. NANOO: അത്യാവശ്യമുള്ള ഒരു കാര്യമായതുകൊണ്ട് ഇക്കൊല്ലംതന്നെ പാലം പണിയിക്കാൻ സന്മനസ്സുണ്ടാകുമോ?

HON'BLE MR. K. R. ELANKATH: തീർത്തുപറയാനൊ ഇപ്പോൾ സാധ്യമല്ല. ഒരു പദ്ധതിയനുസരിച്ചാണ് പണികഠം പൂത്തിയാക്കുന്നതു്. ഇപ്പോൾ ഒരു കമ്മിറിയും രൂപീകൃതമായിട്ടുണ്ട്.

Cash balance held in the Treasuries and Banks.

*464. MR. P. S. NATARAJA PILLAI * (*Trivandrum V—General*): Will the Hon'ble Minister for Finance be pleased to state the actual cash balance held in the treasuries of the State and Banks respectively on 30-5-1124?

HON'BLE MR. A. J. JOHN:

The cash balance in Treasuries and Banks as on 30-5-1124 is given below:—

		S. Rs.	Ch.	C.
Trivandrum Divisional Treasury (including Sub Treasuries)	...	31,02,576	4	7
Quilon Divisional Treasury (including Sub Treasuries)	...	38,40,887	0	7
Kottayam Divisional Treasury (including Sub Treasuries)	...	21,74,623	19	5
Travancore Bank Ltd.	...	1,49,52,347	20	14
Bank of India Ltd.	...	22,194	7	6
Indian Bank Ltd.	...	49,694	17	11
Imperial Bank of India, Trivandrum	...	(—) 4,23,27.609	11	10
		(—) 1,81,85,285	25	8

* The member being absent the question and answer were placed on the table.

LIBRARY ARCHIVES Kerala Legislative Assembly